**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187** — **13-02-2024 - ൽ മറുപടിയ്ക്ക്**

**അനധികൃത ക്വാറിയിംഗ് പ്രവർത്തനങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും നിയന്ത്രിക്കാനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ക്വാറികൾ പ്രവർത്തിച്ചുവരുന്നത് മൈനിങ് ആൻഡ് ജിയോളജി വകുപ്പ് നൽകുന്ന അനുമതിക്ക് പുറമെ, പാരിസ്ഥിതികാനുമതി, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, എക്സ്പ്ലോസീവ് ഉപയോഗിക്കുന്നതിനുള്ള അനുമതി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി എന്നിവയ്ക്ക് വിധേയമായാണ്. വകുപ്പിന്റെ ജില്ലാ ഓഫീസുകളും, മിനറൽ സ്ക്വാഡുകളും ക്വാറികളിൽ നിരന്തര പരിശോധനകൾ നടത്താറുണ്ട്. 12/04/2023-ലെ സർക്കാർ ഉത്തരവ് പ്രകാരം മുൻപ് പ്രവർത്തിച്ചു വന്നിരുന്ന 3 മേഖലാ തലത്തിലുള്ള മിനറൽ സ്ക്വാഡുകൾ എന്ന രീതിക്കു വ്യത്യാസം വരുത്തി എല്ലാ ജില്ലകളിലും ഓരോ മിനറൽ സ്ക്വാഡുകൾ എന്ന രീതിയിലേക്ക് മാറ്റം വരുത്തുകയുണ്ടായി. അനധികൃത ഖനനം കണ്ടെത്തിയാൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. അതാതു ജില്ല കളിലെയും, സ്ക്വാഡുകളിലെയും, ജിയോളജിസ്റ്റ്, അസിസ്റ്റന്റ് ജിയോളജിസ്റ്റ് എന്നിവരെ കൂടാതെ നിലവിലുള്ള ആക്ടുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഖനനവുമായി ബന്ധപ്പെട്ടുള്ള പരാതികളിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ വില്ലേജ് ഓഫീസർ മുതൽ മുകളിലോട്ടുള്ള റാങ്കിലുള്ള റവന്യൂ ഉദ്യോഗസ്ഥരെയും പോലീസ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥരെയും അവരവരുടെ പരിധിയിൽ വരുന്ന അധികാര സ്ഥലങ്ങളിൽ അധികാരപ്പെടുത്തിക്കൊണ്ടും, കൂടാതെ അനധികൃത ഖനനവുമായി ബന്ധപ്പെട്ട നിർദിഷ്ട കോടതികളിൽ കേസ് ഫയൽ ചെയ്യുവാൻ ജില്ലാ കളക്ടർ, പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട്, ജില്ലാ ജിയോളജിസ്റ്റ് എന്നിവരെ അധികാരപ്പെടുത്തികൊണ്ടും |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് നിലവിലുള്ളതാണ്. മൈനിങ് ആൻഡ് ജിയോളജി വകുപ്പ് നടപ്പിലാക്കിയ ഓൺലൈൻ സേവനമായ കേരള ഓൺലൈൻ മൈനിങ് പെർമിറ്റ് അവാർഡിങ് സർവീസസ് (KOMPAS) ഉപയോഗിച്ച് നിലവിൽ ഖനനാനുമതി ലഭിച്ച ക്വാറികളുടെ പ്രവർത്തനം വിലയിരുത്താനും ഓൺലൈൻ ആയി ധാതു ഗതാഗതത്തിനുള്ള മിനറൽ ട്രാൻസിറ്റ് പാസുകൾ അനുവദിക്കുന്നതിലൂടെ ധാതു ഗതാഗതം, ക്രമവൽക്കരിക്കുവാനും സാധിച്ചിട്ടുണ്ട്. അതിലൂടെ അനധികൃത ധാതു ഖനന-ഗതാഗത പ്രവർത്തന ങ്ങൾക്കുള്ള സാധ്യതകൾക്ക് ഗണ്യമായ കുറവ് വന്നിട്ടുള്ളതാണ്. |
| (ബി) | റവന്യൂ പുറംപോക്കുകളിൽ അനധികൃത പാറ ക്വാറികൾ പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. റവന്യൂ ഭൂമിയുടെ സംരക്ഷണം ഉറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാരാണ് എന്നിരുന്നാലും അനധികൃ ഖനനം മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ ശ്രദ്ധയിൽപെടുന്ന സാഹചര്യത്തിൽ 2015-ലെ KMMC ചട്ടങ്ങ പ്രകാരം നിയമനടപടി സ്വീകരിച്ച് വരുന്നു. നീക്കം ചെയ്ത കരിങ്കല്ലിന്റെ റോയൽറ്റി, വില, പിഴ എന്നിവ വകുപ്പ് ഈടാക്കുന്നു. ഇത് സംബന്ധിച്ച സീനിയറേജ് ഈടാക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരി കൾക്ക് അറിയിപ്പ് നൽകാറുണ്ട്. വിശദാംശങ്ങൾ ലഭിക്കാത്ത പക്ഷം വേണ്ട അന്വേഷണങ്ങൾ നടത്തുന്നതിന് പോലീസ് വകുപ്പിന് രേഖാമൂലം അറിയിപ്പും നൽകാറുണ്ട്. |
| (സി) | നിയമ വിരുദ്ധ ക്വാറിയിംഗ് പ്രവർത്തനങ്ങളും അനധികൃത ഖനനവും കണ്ടെത്തി അതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ഓരോ ജില്ലയിലും പോലീസ്, റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ? | (സി) | അനധികൃത ധാതു ഖനന, ഗതാഗത പ്രവർത്തനങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിലേക്ക് വകുപ്പിന്റെ ജില്ലാ ആഫീസുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ജില്ലാ മിനറൽ സ്ക്വാഡുകൾ രൂപവത്കരിച്ചിട്ടുണ്ട്. നിലവിൽ പോലീസ്, റവന്യൂ, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്, മൈനിങ് ആൻഡ് ജിയോളജി വകുപ്പ് എന്നിവരുടെ സംയുക്ത പരിശോധനകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തി വരുന്നു. കൂടാതെ ഇത്തരത്തിലുള്ള പ്രവൃത്തികൾ കണ്ടെത്തുന്നതിന് ഡ്രോൺ സംവിധാനം പ്രയോജനപ്പെടുത്തുന്നതിനു വേണ്ട നടപടികൾ വകുപ്പിന്റെ ഭാഗത്തു നിന്നും പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ